സംബന്ധിച്ചിടത്തോളമുള്ള കാര്യം എനിക്കറിയാം. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നത് funds-ന്റെ പരിമിതികൊണ്ട് കുറെ ജോലിക്ക് വേഗത കുറയുകയുണ്ടായി. എങ്കിൽപ്പോലും കുറെ കാര്യങ്ങൾ ചെയ്തു. നാലു കുഴൽ കിണറുകൾ കുഴിച്ചു. രണ്ട് ഹാൻഡ് പമ്പുകൾ വച്ചു. രണ്ടു മോട്ടോർ പമ്പുകൾ വച്ചിട്ടുണ്ട്. 1000 മീറ്റർ പൈപ്പ് ലൈനിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. നാല് പബ്ലിക് ടാപ്പും വയ്ക്കുന്നതിനുള്ള പണി നടന്നുകൊണ്ടിരിക്കുകയാണ്. പോരെങ്കിൽ 55 ലക്ഷം രൂപയുടെ ഒരു ആക്സിലറേറ്റർ വാട്ടർ സപ്ലൈ സ്കീം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. ശ്രീ. ശശീന്ദ്രൻ ഇവിടെ നടത്തിയ സബ്മിഷന്റെ അടിസ്ഥാനത്തിൽ ഞാൻ പേഴ്സണലായിട്ട് അത് ശ്രദ്ധിക്കാം. അതിന് എത്രയും വേഗം അനുമതി വാങ്ങിച്ചുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിന് ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്.

(8) വരൾച്ച ബാധിച്ച പാലക്കാട്ടെ കൃഷിക്കാർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ ഒരു നല്ല മനുഷ്യനാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. പക്ഷേ എനിക്ക് തെറ്റിപ്പോയി. വരൾച്ചബാധിത പ്രദേശങ്ങളിലെ കൃഷിക്കാർക്ക് ആനുകൂല്യം നൽകുമെന്ന് അങ്ങ് പാലക്കാട് വന്നു പ്രഖ്യാപിച്ചു. പക്ഷേ വളരെ കുറച്ചു കൃഷിക്കാർക്കാണ് ആനുകൂല്യം കിട്ടിയത്. ആളുകളെ പറഞ്ഞിക്കുന്ന ഏർപ്പാടാണിത്. വളരെ കഷ്ടപ്പെട്ടിട്ടാണ് ആയിരക്കണക്കിന് ആളുകൾ പരാതി നൽകിയത്. അതിന്റെ പേരിൽ ഒരു തീരുമാനവും എടുത്തിട്ടില്ല. ആർക്കും തന്നെ നഷ്ടപരിഹാരം കൊടുത്തിട്ടില്ല. വളരെ നാമമാത്രമായ പത്തഞ്ഞൂറ് പേർക്ക് മാത്രമാണ് കൊടുത്തത്. എന്റെ നിയോജകമണ്ഡലത്തിലും അട്ടപ്പാടി പ്രദേശങ്ങളിലും കൊല്ലംകോട് ഭാഗത്തും ആയിരക്കണക്കിന് കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാനുണ്ട്. ആ നഷ്ടപരിഹാരം അങ്ങ് കൊടുക്കുമോ, കൊടുക്കില്ലേ അത് വ്യക്തമാക്കണം. കൊടുക്കുന്നതിനുള്ള നടപടി വേഗം ലഭ്യമാക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ശ്രീ. കൃഷ്ണൻകുട്ടി പല പ്രാവശ്യം ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നമാണിത്. വരൾച്ചബാധിത പ്രദേശമായ പാലക്കാട് ജില്ലയിൽ കഴിഞ്ഞവർഷം ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങളൊക്കെ ചെയ്തു. അതിൽ ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് കൊഴിഞ്ഞാംപാറ പ്രദേശത്താണ്. കൊഴിഞ്ഞാംപാറയിലെ വടകരപ്പതി പ്രദേശത്തു ഒറ്റ വാട്ടർ സപ്ലൈ സ്കീമിൽനിന്നുമാത്രം 15000 ആളുകൾക്ക് പുതിയതായി ശുദ്ധജലം എത്തിച്ചുകൊടുത്തു. അങ്ങനെ ശ്രദ്ധേയമായ പല കാര്യങ്ങളും അവിടെ ചെയ്തു. സെറികൾച്ചർ, പട്ടുനൂൽപ്പുഴുവിനെ വളർത്താനുള്ള വ്യാപകമായ ഒരു പദ്ധതിക്ക് അവിടെ സൊസൈറ്റികളെല്ലാം രൂപംകൊടുത്തു പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. സ്ഥിരമായി വരൾച്ച അനുഭവിക്കുന്ന ആ പ്രദേശത്തു ആശ്വാസമെത്തിക്കാൻ ദീർഘകാലാടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് ഒന്നര കോടിരൂപയോളം അവിടെ ചെലവഴിക്കുകയുണ്ടായി. എന്നാൽ എല്ലാവർക്കും ക്രോപ്പ് ഇൻഷുറൻസിന്റെ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതിനെ സംബന്ധിച്ച് ഗവൺമെന്റ് വീണ്ടും ആലോചിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയാണ്. ക്രോപ്പ് ഇൻഷുറൻസുവഴി പ്രത്യേകമായി സഹായം എത്തിക്കുന്നതിന് പല സാങ്കേതിക തടസ്സങ്ങളുമുണ്ട്. മറ്റ് കാര്യങ്ങളും കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നാണ് ചെയ്യേണ്ടത്. കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും കിട്ടിയ വിവരം അനുസരിച്ച് കുറെ ആളുകൾക്ക് നൽകുകയുണ്ടായിട്ടുണ്ട്. ക്രോപ്പ് ഇൻഷുറൻസിന്റെ കാര്യം വീണ്ടും ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(9) നെയ്യാർഡാം പ്രദേശം ടൂറിസ്റ്റ് കേന്ദ്രമാക്കണമെന്ന ആവശ്യം

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. നെയ്യാർഡാം പ്രകൃതിരമണീയമായ ഒരു പ്രദേശമാണ്. അവിടം ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തണമെന്നുള്ളത് അവിടത്തെ ജനങ്ങളുടെ ദീർഘകാലമായിട്ടുള്ള ഒരു ആഗ്രഹമാണ്. അതിന്റെ സമീപപ്രദേശത്താണ്, കൊമ്പൈക്കാണി. അവിടത്തെ വെള്ളച്ചാട്ടം വളരെ ചരിത്രപ്രസിദ്ധമാണ്. അതിന്റെ തൊട്ടടുത്താണ് അഗസ്ത്യകൂടം സ്ഥിതിചെയ്യുന്നത്. അതും വളരെയധികം ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥലമാണ്. അടുത്തകാലത്ത് തമിഴ്നാട് ഗവൺമെന്റ് പേച്ചിപ്പാറയും അതിന്റെ പരിസരപ്രദേശങ്ങളുമൊക്കെ ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിന് രണ്ടുകോടി രൂപ അനുവദിച്ചിരിക്കുകയാണ്. കോവളത്തിന്റെയും പൊൻമുടിയുടെയും പേച്ചിപ്പാറയുടെയും മദ്ധ്യത്തുള്ള ഒരു പ്രദേശമാണ് നെയ്യാർഡാം. അവിടെ സഫാരി പാർക്കുമൊക്കെയുള്ള ഒരു സ്ഥലമെന്നുള്ള നിലയിൽ അടിയന്തിരപ്രാധാന്യത്തോടുകൂടി അവിടം ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നെയ്യാർഡാം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ അനുയോജ്യമായ സ്ഥലമാണെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. പക്ഷേ ഇൻഡ്യാ ഗവൺമെന്റാണ് ടൂറിസ്റ്റ് കേന്ദ്രത്തെ സംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കേണ്ടത്. ഇക്കാര്യത്തിൽ കേരളാ ഗവൺമെന്റ് ആ പ്രദേശത്തിന്റെ പ്രത്യേകതയൊക്കെ ചൂണ്ടിക്കാണിച്ചെങ്കിലും ഇപ്പോൾ, കോവളം, പൊൻമുടി എന്നീ സ്ഥലങ്ങൾ മാത്രമാണ് ടൂറിസ്റ്റ് കേന്ദ്രമാക്കാനായിട്ട് അനുവദിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആകർഷണീയമായ എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. പോരാത്തതിന് ആവശ്യമുള്ള കെട്ടിടങ്ങളും പണിയുന്നതിനും വിരോധമുണ്ടായിരുന്നില്ല. പക്ഷേ ഇപ്പോൾ ഔപചാരികമായ ഒരു ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കുവാൻ ഇങ്ങനെയുള്ള തടസ്സമുണ്ട്. എങ്കിലും ടൂറിസ്റ്റുകളെ ആകർഷിക്കാനാവശ്യമായ മറ്റു നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(10) കാഞ്ഞിരപ്പള്ളി താലൂക്കിലെ കൃഷിക്കാർക്ക് പട്ടയം നൽകൽ

ശ്രീ. തോമസ് കല്ലമ്പള്ളി : സർ, ഞാനും ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയും ജനിക്കുന്നതിനുമുമ്പുതന്നെ ജീവിക്കാനുള്ള അടങ്ങാത്ത അഭിനിവേശത്തിന്റെ പേരിൽ ഭൂമിയിൽ കടന്നുകയറി കൃഷിചെയ്യുന്ന പാവപ്പെട്ട കൃഷിക്കാർക്ക് പ്രത്യേകിച്ച് കാഞ്ഞിരപ്പള്ളി താലൂക്കിലെ കൃഷിക്കാർക്ക് പട്ടയം ലഭിക്കാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടിലേക്ക് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly